**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1201** **18-01-2021 - ൽ മറുപടിയ്ക്ക്**

**ആളൂർ സെന്റർ- ചൂണ്ടൽ സെന്റ് ജോസഫ് ഹോസ്പിറ്റൽ റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | Shri G. Sudhakaran<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ ആളൂർ സെന്റർ മുതൽ വെട്ടുകാട് വഴി ചൂണ്ടൽ സെന്റ് ജോസഫ് ഹോസ്പിറ്റൽ വരെയുള്ള റോഡിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് എത്ര തുകയാണ് അനുവദിച്ചതെന്ന് അറിയിക്കുമോ; | (ബി) | 300 ലക്ഷം |
| (സി) | പ്രവൃത്തി ആരംഭിക്കുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (സി) | പ്രസ്തുത പ്രവൃത്തിക്ക് 27/11/2018-ൽ 300 ലക്ഷം രൂപയ്ക്ക് ഭരണാനുമതിയും 13/01/2019-ന് സാങ്കേതികാനുമതിയും നൽകിയിരുന്നു. 04/02/2019ന് പ്രവൃത്തി ടെണ്ടർ ചെയ്തെങ്കിലും പ്രതികരണം ഉണ്ടായില്ല. ഇതിനിടയിൽ ജി.എസ്.ടി ഉൾപ്പെടുത്തുന്നതിനുവേണ്ടി എസ്റ്റിമേറ്റ് പുതുക്കുകയും 23/08/2019-ൽ വീണ്ടും സാങ്കേതികാനുമതി നൽകുകയും ചെയ്തു. 20/09/2019, 15/10/2019 എന്നീ തീയതികളിൽ ടെണ്ടർ ചെയ്തെങ്കിലും പ്രതികരണമുണ്ടായില്ല. ബിറ്റുമിന്റെ വിലയിലുണ്ടായ വ്യത്യാസം മൂലം 14/02/2020 ന് വീണ്ടും സാങ്കേതികാനുമതി പുതുക്കി നൽകുകയും ചെയ്തു. തുടർന്ന് 29/02/2020, 24/03/2020. 26/05/2020 എന്നീ തീയതികളിൽ ടെണ്ടർ നടത്തിയെങ്കിലും കരാറുകാരുടെ ഭാഗത്തുനിന്നും പ്രതികരണം ഉണ്ടായില്ല. 06/01/2021 ന് വീണ്ടും പുതുക്കിയ സാങ്കേതികാനുമതി നൽകുകയും ടെണ്ടർ നടപടികൾ ആരംഭിക്കുകയും 22/01/2021 ന് തുറക്കുന്ന രീതിയിൽ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ടെണ്ടർ ക്ഷണിച്ചിട്ടുള്ളതുമാണ്. |
| (ഡി) | പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിക്കാനാകുമെന്ന് അറിയിക്കാമോ? | (ഡി) | ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് എത്രയും പെട്ടെന്ന് തന്നെ പ്രവൃത്തി ആരംഭിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ